**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2543** **06-10-2025 - ൽ മറുപടിയ്ക്ക്**

**തസ്തികകളുടെ അപ്ഗ്രഡേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഏതൊക്കെ വകുപ്പിലെ തസ്തികകൾ അപ്ഗ്രേഡ് ചെയ്യുവാൻ ധനവകുപ്പ് അനുമതി നൽകിയിട്ടുണ്ട്; വിശദാംശം നൽകാമോ; | (എ) | തസ്തികകൾ അപ്ഗ്രേഡ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് ഭരണ വകുപ്പുകൾ ധനവകുപ്പിൽ സമർപ്പിക്കുന്ന പ്രൊപ്പോസൽ സംബന്ധിച്ച ഫയലുകളിലാണ് ധനവകുപ്പ് അഭിപ്രായം രേഖപ്പെടുത്തി നൽകുന്നത്. ഇത്തരത്തിൽ ഭരണ വകുപ്പുകളിൽ നിന്നും ലഭിക്കുന്ന പ്രൊപ്പോസലുകളുടെ വിഷയം തിരിച്ചുള്ള കണക്കുകൾ ധനവകുപ്പിൽ സൂക്ഷിക്കുന്നില്ല. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സെക്രട്ടേറിയറ്റിലെ (പൊതുഭരണ വകുപ്പ്/ധനകാര്യം/ നിയമം) വകുപ്പുകളിൽ നിന്നും മറ്റു സർക്കാർ വകുപ്പുകളിലെ ഡയറക്ടറേറ്റുകൾ/വിവിധ മിഷനുകൾ/ ബോർഡ്/കോർപ്പറേഷൻ തുടങ്ങിയ വിവിധ സ്ഥാപനങ്ങളിലേക്ക് എത്ര ജീവനക്കാർക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നൽകിയിട്ടുണ്ട്; അവയുടെ കാറ്റഗറി തിരിച്ചുള്ള വിശദാംശം നൽകാമോ; | (ബി) | വിവിധ വകുപ്പുകളിലെ ഡയറക്ടറേറ്റുകളിൽ പൊതുഭരണ വകുപ്പിൽ നിന്നും അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ തസ്തികയും ധനകാര്യ വകുപ്പിൽ നിന്നും ഫിനാൻസ് ഓഫീസർ തസ്തികയും നിയമ വകുപ്പിൽ നിന്നും ലാ ഓഫീസർ തസ്തികയും നിലവിലുണ്ട്. ഇത്തരം നിയമനങ്ങൾ ഡെപ്യൂട്ടേഷൻ നിയമനങ്ങൾ അല്ല. പൊതുഭരണ/ധനകാര്യ/നിയമ വകുപ്പുകളുടെ കേഡർ തസ്തികകളാണ് ഇവ. മിഷനുകൾ/ബോർഡ്/ കോർപ്പറേഷൻ തുടങ്ങിയവയുടെ നിയമങ്ങൾ, ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ എന്നിവ പ്രകാരം അനുവദിച്ചിട്ടുള്ള തസ്തികകളിലേയ്ക്കും സെക്രട്ടേറിയറ്റ് വകുപ്പുകളിൽ നിന്നും നിയമനം നടത്തി വരുന്നുണ്ട്. അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ തസ്തികയിലേയ്ക്ക് പൊതുഭരണ വകുപ്പും ഫിനാൻസ് ഓഫീസർ തസ്തികയിലേയ്ക്ക് ധനകാര്യ വകുപ്പും, ലാ ഓഫീസർ തസ്തികയിലേയ്ക്ക് നിയമ വകുപ്പും മിഷനുകൾ / ബോർഡ്/കോർപ്പറേഷൻ എന്നിവിടങ്ങളിലേയ്ക്ക് ബന്ധപ്പെട്ട ഭരണ വകുപ്പും ആണ് നിയമനം നടത്തുന്നത്. ഓരോ വകുപ്പ്/സ്ഥാപനവും നടത്തുന്ന പ്രവർത്തനങ്ങളുടെ വ്യാപ്തി അനുസരിച്ച് അണ്ടർ സെക്രട്ടറി മുതൽ അഡീഷണൽ സെക്രട്ടറി വരെയുള്ള തസ്തികകളിലേയ്ക്ക് ഇത്തരത്തിൽ നിയമനം നടത്തുന്നുണ്ട്. ഇത് സംബന്ധിച്ച വിവരങ്ങൾ അതാത് വകുപ്പുകളിലാണ് നിലവിലുള്ളത്. ക്രോഡീകരിച്ച വിവരങ്ങൾ ധനകാര്യ വകുപ്പിൽ ലഭ്യമല്ല. |

| | | | |
|---|---|---|---|
| (സി) | ഇത്തരത്തിൽ ഡെപ്യൂട്ടേഷൻ വരുന്ന ഒഴിവുകളിലേക്ക് എത്ര ജീവനക്കാർക്ക് സ്ഥാനകയറ്റം നൽകിയിട്ടുണ്ട്; അവയുടെ കാറ്റഗറി തിരിച്ചുള്ള വിശദാംശം നൽകാമോ; ഈ ഇനത്തിൽ വന്നിട്ടുള്ള സാമ്പത്തിക ബാധ്യത എത്രയാണെന്ന് വ്യക്തമാക്കാമോ; | (സി) | സെക്രട്ടേറിയറ്റ് വകുപ്പുകളിലെ ഉദ്യോഗസ്ഥരെ മേൽപ്പറഞ്ഞ മിഷൻ/ബോർഡ്/കോർപ്പറേഷൻ എന്നിവിടങ്ങളിലേയ്ക്ക് ഡെപ്യൂട്ടേഷനിൽ നിയമിക്കുമ്പോൾ ഉണ്ടാകുന്ന ഒഴിവുകളിൽ സ്ഥാനക്കയറ്റം നൽകുന്നുണ്ട്. നിലവിലുള്ള ഒഴിവുകളിലേക്കാണ് പ്രൊമോഷൻ നടത്തുന്നത് എന്നതിനാൽ ഇത്തരം നിയമനങ്ങൾ അധിക സാമ്പത്തിക ബാധ്യത ഉണ്ടാക്കുന്നില്ല. സ്ഥാനക്കയറ്റം നൽകുന്നത് സംബന്ധിച്ച കാര്യങ്ങൾ അതാത് വകുപ്പുകളാണ് നിർവ്വഹിക്കുന്നത്. പ്രസ്തുത വിവരങ്ങൾ ധനകാര്യ വകുപ്പിൽ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. |
| (ഡി) | തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും സമീപകാലത്ത് ധനകാര്യ വകുപ്പിന് സമർപ്പിച്ച ഹെഡ് ക്ലാർക്ക് ടു ജൂനിയർ സൂപ്രണ്ട് തസ്തിക പരിവർത്തനം അനുവദിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (ഡി) | ഹെഡ് ക്ലാർക്ക് തസ്തിക ജൂനിയർ സൂപ്രണ്ട് തസ്തികയാക്കി പരിവർത്തനം ചെയ്യുന്നതിന് തദ്ദേശ സ്വയം ഭരണ വകുപ്പ് ലഭ്യമാക്കിയിരുന്ന കാരണങ്ങൾ ധനവകുപ്പിന്റെ പരിശോധനയിൽ അംഗീകരിക്കപ്പെടാൻ കഴിയാത്തവ ആയതിനാലും ഇക്കാര്യത്തിൽ ഉണ്ടാകാവുന്ന അധിക സാമ്പത്തിക ബാധ്യത കണക്കിലെടുത്തുമാണ് തസ്തിക അപ്ഗ്രേഡേഷൻ നടത്താൻ ധനവകുപ്പ് അനുമതി നൽകാതിരുന്നത്. |
| (ഇ) | സെക്രട്ടേറിയേറ്റ് സർവ്വീസിന് നൽകുന്ന പരിഗണന മറ്റു വകുപ്പുകളിൽ നിന്നും വരുന്ന അർഹമായ പ്രപ്പോസലുകൾക്ക് നൽകുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ? | (ഇ) | ഉണ്ട്. എല്ലാ വകുപ്പുകളിൽ നിന്നും ലഭിക്കുന്ന പ്രൊപ്പോസലുകളിൽ സർക്കാർ തുല്യ പരിഗണനയാണ് നൽകുന്നത്. |

സെക്ഷൻ ഓഫീസർ